**File No.: GE-DA2/7/2023-G.EDN**

"ഭരണഭാഷ-
മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

പൊതു വിദ്യാഭ്യാസ വകുപ്പ്- ശ്രീ ജഗദീഷ് കെ, എച്ച്.എസ്.എസ്.ടി(കമ്പ്യൂട്ടർ സയൻസ്)- അച്ചടക്കനടപടി പൂർത്തീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**പൊതു വിദ്യാഭ്യാസ (ഡി.എ) വകുപ്പ്**

സ.ഉ.(സാധാ) നം.4308/2025/GEDN തീയതി,തിരുവനന്തപുരം, 28-06-2025

---

പരാമർശം:-

1. കോഴിക്കോട് മടപ്പള്ളി ഗവൺമെൻറ് ഗേൾസ് ഹയർ സെക്കൻഡറി സ്കൂൾ പി.ടി.എ പ്രസിഡന്റ് സമർപ്പിച്ച 30/07/2019-ലെ നിവേദനം
2. 13/11/2019- ലെ സ.ഉ(സാധാ) നം. 4814/2019/പൊവിവ
3. 23/07/2020-ലെ U1/311/2019/GEDN നം കുറ്റപത്രവും കുറ്റാരോപണ പത്രികയും
4. ശ്രീ ജഗദീഷ് കെ സമർപ്പിച്ച 09/10/2020 ലെ പ്രതിവാദപത്രിക
5. 17/03/2021 ലെ സ.ഉ(സാധാ) നം 2192/2021/പൊവിവ
6. 26/03/2021 ലെ സ.ഉ(സാധാ) നം 2315/2021/പൊവിവ
7. 04/03/2022 ലെ സ.ഉ(സാധാ) നം 1299/2022/പൊവിവ
8. 11/11/2022 ലെ സി1/204/2020/പൊവിവ നം കാരണം കാണിക്കൽ നോട്ടീസ്
9. ശ്രീ. ജഗദീഷ് കെ സമർപ്പിച്ച 12/12/2022 ലെ മറുപടി
10. 08/09/2023 ലെ DA2/7/2023 നം കത്ത്
11. കേരള പബ്ലിക് സർവീസ് കമ്മീഷന്റെ 09/10/2024 ലെ A1-2/12/2024-KPSC നം കത്ത്

**ഉത്തരവ്**

കോഴിക്കോട് ജില്ലയിലെ മടപ്പള്ളി ഗവൺമെന്റ് ഗേൾസ് ഹയർ

സെക്കന്ററി സ്കൂളിൽ പഠിച്ചിരുന്ന വിദ്യാർത്ഥിനിക്ക് ടി സ്കൂളിലെ എച്ച്.എസ്.എസ്.ടി കമ്പ്യൂട്ടർ സയൻസ് ശ്രീ. ജഗദീഷ് കെ-യുടെ ഭാഗത്ത് നിന്ന് പെരുമാറ്റ ദൂഷ്യങ്ങൾ ഉണ്ടായതായുള്ള ടി വിദ്യാർത്ഥിനിയുടെ പരാതിയുടെ അടിസ്ഥാനത്തിൽ, ആയത് സംബന്ധിച്ച് ടി സ്കൂളിലെ പ്രിൻസിപ്പൽ ഹയർ സെക്കന്ററി വിദ്യാഭ്യാസ ഡയറക്ടർക്ക് റിപ്പോർട്ട് അയച്ചിട്ടുണ്ടെന്നും ടിയാൻ പ്രസ്തുത സ്കൂളിൽ തുടരുന്നത് പെൺകുട്ടികൾ മാത്രം പഠിക്കുന്ന സ്കൂളിലെ വിദ്യാർത്ഥിനികളുടെ സുരക്ഷിതത്വത്തെ സാരമായി ബാധിക്കും എന്നതിനാൽ ടി അധ്യാപകനെ അടിയന്തിരമായി സ്ഥലം മാറ്റണമെന്നും ടി സ്കൂളിലെ പി.ടി.എ പ്രസിഡന്റ് സർക്കാരിൽ പരാമർശം (1) പ്രകാരം നിവേദനം സമർപ്പിച്ചിരുന്നു.

2) മടപ്പള്ളി ഗവൺമെന്റ് ഗേൾസ് ഹയർ സെക്കൻ്ററി സ്കൂളിൽ പഠിച്ചിരുന്ന വിദ്യാർത്ഥിനിയോട് ടി സ്കൂളിലെ കമ്പ്യൂട്ടർ സയൻസ് അധ്യാപകനായിരുന്ന ശ്രീ. ജഗദീഷ് കെ. അപമര്യാദയായി പെരുമാറിയെന്ന പെൺകുട്ടിയുടെ പരാതി സ്കൂളിലെ സൗഹൃദ കമ്മിറ്റി അന്വേഷിക്കുകയും പരാതിയിൽ കഴമ്പുണ്ടെന്ന് പ്രസ്തുത കമ്മിറ്റി കണ്ടെത്തുകയും ചെയ്തു. കൂടാതെ പെൺകുട്ടിയെ മാനസ്സികമായി തളർത്തുന്ന രീതിയിൽ പെൺകുട്ടിക്കെതിരെ ആരോപണങ്ങൾ ഉന്നയിച്ച് പ്രിൻസിപ്പലിന് ടിയാൻ കത്ത് നൽകുകയും ചെയ്തതായി പ്രിൻസിപ്പൽ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

3) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിക്കുകയും വിദ്യാർത്ഥിനിയോട് അപമര്യാദയായി പെരുമാറിയ അധ്യാപകൻ സർവ്വീസിൽ തുടരുന്നത് അദ്ധ്യാപക സമൂഹത്തിനുതന്നെ നാണക്കേടായതിനാലും അപ്രകാരം പെരുമാറുന്ന അദ്ധ്യാപകർ നടപടി നേരിടാതെ സർവ്വീസിൽ തുടരുന്നത് വരും കാലങ്ങളിലും ടിയാൻ ജോലി ചെയ്യുന്ന സ്കൂളിലെ വിദ്യാർത്ഥിനികളുടെ സുരക്ഷിതത്വത്തെ സാരമായി ബാധിക്കുമെന്നതിനാലും ടിയാൻ വിദ്യാർത്ഥിനിയോട് മോശമായി പെരുമാറി എന്ന സൗഹൃദ കമ്മിറ്റിയുടെ കണ്ടെത്തലിന്റെ അടിസ്ഥാനത്തിലും 1960-ലെ KCS CCA (റൂൾ 15) പ്രകാരം, ടിയാനെതിരെ കർശന അച്ചടക്ക നടപടി സ്വീകരിക്കുന്നതിന്റെ ഭാഗമായി പരാമർശം (2) പ്രകാരം ഉടൻ പ്രാബല്യത്തിൽ സർവ്വീസിൽ നിന്നും സസ്പെൻഡ് ചെയുകയും പരാമർശം

(3) പ്രകാരം ടിയാന് കുറ്റപത്രം കുറ്റാരോപണ പത്രിക എന്നിവ നൽകുകയും ചെയ്തു.

4) പ്രസ്തുത കുറ്റപത്രത്തിന് ടിയാൻ പരാമർശം (4) പ്രകാരം പ്രതിവാദപത്രിക സമർപ്പിച്ചിരുന്നു. ഇതിനിടയിൽ പരാമർശം (5) പ്രകാരം ടിയാനെതിരെ തുടരുന്ന അച്ചടക്കനടപടിയ്ക്ക് വിഘാതമാകാതെ ടിയാനെ സർവീസിൽ പുനഃപ്രവേശിപ്പിച്ചിരുന്നു. ടിയാൻ പ്രതിവാദപത്രികയിൽ തനിയ്ക്കെതിരെയുള്ള ആരോപണങ്ങളെല്ലാം നിഷേധിച്ചതിനാലും ടിയാന്റെ വാദങ്ങൾ തൃപ്തികരമല്ലാത്തതിനാലും, ടിയാനെതിരെ 1960-ലെ KCS CCA (റൂൾ 15) പ്രകാരം ആരംഭിച്ച അച്ചടക്കനടപടി തുടരുവാനും ആയതിന്റെ ഭാഗമായുള്ള ഔപചാരിക അന്വേഷണം നടത്തുന്നതിന് പൊതുവിദ്യാഭ്യാസ ഡയറക്ടറേറ്റിലെ സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസറെ (ഹയർസെക്കൻഡറി വിദ്യാഭ്യാസം) ചുമതലപ്പെടുത്തി പരാമർശം (6) പ്രകാരം ഉത്തരവായിരുന്നു. എന്നാൽ സാങ്കേതിക കാരണങ്ങളാൽ ടി അന്വേഷണം പൂർത്തിയാക്കുവാൻ സാധിച്ചിട്ടില്ലെന്നും തനിക്ക് പകരം മറ്റൊരു അന്വേഷണ ഉദ്യോഗസ്ഥനെ നിയമിക്കണം എന്നും അപേക്ഷിച്ച് അന്വേഷണ ഉദ്യോഗസ്ഥ അപേക്ഷ സമർപ്പിക്കുകയും, ശ്രീ. കെ. ജഗദീഷിനെതിരെ ചട്ടപ്രകാരമുള്ള 1960-ലെ KCS(CC&A) Rule 15 പ്രകാരമുള്ള അന്വേഷണം നടത്തുന്നതിന് മറ്റേതെങ്കിലും വനിത ഉദ്യോഗസ്ഥയെ/ഉദ്യോഗസ്ഥനെ ചുമതലപ്പെടുത്തി ഉത്തരവാകണമെന്ന് പൊതുവിദ്യഭ്യാസ ഡയറക്ടർ അഭ്യർത്ഥിച്ചതിനെ തുടർന്ന് പരാമർശം (7) പ്രകാരം ഹയർ സെക്കന്ററി വിദ്യാഭ്യാസ വകുപ്പിലെ അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റന്റായ ശ്രീമതി. ഗീതു രാമചന്ദ്രനെ ചുമതലപ്പെടുത്തി ഉത്തരവായിരുന്നു.

5) ഹയർ സെക്കന്ററി വിദ്യാഭ്യാസ വകുപ്പിലെ അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റന്റ് 08/04/2022ൽ സമർപ്പിച്ച അന്വേഷണ റിപ്പോർട്ടിൽ ശ്രീ.ജഗദീഷ് കെ അപമര്യാദയായി പെരുമാറിയെന്ന് ആരോപിച്ചുകൊണ്ട് വിദ്യാർത്ഥിനി സൗഹൃദ കമ്മിറ്റി മെമ്പേഴ്സിനോട് വാക്കാൽ ആണ് പരാതി പറഞ്ഞിട്ടുള്ളത് എന്നും ടി കമ്മിറ്റി മെമ്പേഴ്സിന്റെ നിർബന്ധത്തിന് വഴങ്ങിയാണ് written complaint നൽകിയത് എന്നും ആയത് സൗഹൃദ കമ്മിറ്റി അംഗങ്ങളും

വിദ്യാർത്ഥിനിയുടെ പിതാവും ശ്രീ.ജഗദീഷും അറിയിച്ചിട്ടുണ്ട് എന്നും മേൽ സംഭവത്തിനു ശേഷം നടന്ന പോലീസ് അന്വേഷണത്തിലും ടി വിദ്യാർത്ഥിനിയ്ക്ക് കേസില്ലായെന്നാണ് രേഖപ്പെടുത്തിയിരിക്കുന്നത് എന്നും ആരോപണം ഉന്നയിച്ച് പരാതി സമർപ്പിച്ചിട്ടുള്ള വിദ്യാർത്ഥിനി അന്വേഷണവുമായി സഹകരിക്കാത്തതിനാൽ കൂടുതൽ വിവരങ്ങൾ ലഭ്യമായിട്ടില്ല എന്നും ആരോപണം ഉന്നയിച്ച വിദ്യാർത്ഥിനി നിലവിൽ പരാതിയില്ല എന്നറിയിച്ചിട്ടുള്ളതിനാലും ഇതുമായി ബന്ധപ്പെട്ട കൂടുതൽ തെളിവുകളോ മൊഴിയോ ടിയാൾ രേഖപ്പെടുത്താത്തതിനാലും 2009 മുതൽ മടപ്പള്ളി ജി.ജി.എച്ച്.എസ്.എസ്. ൽ ജോലി നോക്കുന്ന ടി അദ്ധ്യാപകന്റെ ഭാഗത്തുനിന്ന് സമാനമായ ഒരു സംഭവങ്ങളും കുട്ടികൾക്കോ അദ്ധ്യാപകർക്കോ അതുവരെ ഉണ്ടായിട്ടില്ല എന്ന പ്രിൻസിപ്പാളിന്റേയും സൗഹൃദ അംഗങ്ങളുടേയും മൊഴിയുടെ അടിസ്ഥാനത്തിലും അച്ചടക്കനടപടിമൂലം ടിയാന് കുടുംബത്തിലും സമൂഹത്തിലും നേരിടേണ്ടിവന്ന പ്രശ്നങ്ങൾ കണക്കിലെടുത്തും ശ്രീ.ജഗദീഷിനെതിരെ തുടർന്നുവരുന്ന അച്ചടക്കനടപടി അവസാനിപ്പിച്ച് ഉത്തരവാകുന്നതിന് അന്വേഷണ ഉദ്യോഗസ്ഥ സർക്കാരിൽ ശുപാർശ ചെയ്തിരുന്നു.

6) ടി ഔപചാരിക അന്വേഷണ റിപ്പോർട്ട് സർക്കാർ വിശദമായി പരിശോധിച്ചു. അന്വേഷണ ഉദ്യോഗസ്ഥയുടെ റിപ്പോർട്ടിൽ ജഗദീഷിനെതിരെയുള്ള കുറ്റപത്രത്തിൽ പറഞ്ഞിട്ടുള്ള ചാർജുകൾ നിലനിൽക്കുന്നതാണോയെന്ന് കണ്ടെത്താൻ ശ്രമിച്ചിട്ടില്ല. ടിയാൻ കുറ്റക്കാരനാണോ അല്ലയോ എന്നും കണ്ടെത്തിയിട്ടില്ല. ആരോപണം ഉന്നയിച്ച വിദ്യാർത്ഥിനി നിലവിൽ പരാതിയില്ലെന്നും, ഇതുമായി ബന്ധപ്പെട്ട് കൂടുതൽ തെളിവുകളോ മൊഴിയോ രേഖപ്പെടുത്തിയിട്ടില്ലാത്തതിനാലുമാണ് അന്വേഷണ ഉദ്യോഗസ്ഥ ടിയാനെതിരെയുള്ള അച്ചടക്കനടപടി അവസാനിപ്പിക്കുവാൻ ശുപാർശ ചെയ്തിട്ടുള്ളത്. കോഴിക്കോട് മടപ്പള്ളി ഗവൺമെന്റ് ഗേൾസ് ഹയർസെക്കൻഡറി സ്കൂളിലെ കമ്പ്യൂട്ടർ ലാബിൽവച്ച് ശ്രീ.ജഗദീഷ് അപമര്യാദയായി പെരുമാറിയെന്ന് പരാതിപ്പെടുകയും, സൗഹൃദ കമ്മിറ്റി അംഗങ്ങൾ ടി അദ്ധ്യാപകനെയും വിദ്യാർത്ഥിനിയെയും വിളിച്ചു നടത്തിയ തെളിവെടുപ്പിൽ ആയത് ബോദ്ധ്യപ്പെടുകയും ചെയ്തിട്ടുള്ള

സാഹചര്യത്തിൽ, ടിയാൻ കുറ്റം ചെയ്തതായി മനസ്സിലാക്കാവുന്നതാണ്. ഇത്തരത്തിലുള്ള സാഹചര്യങ്ങളിലൂടെ കടന്നുപോയ വിദ്യാർത്ഥിനി വീണ്ടും പരാതി നൽകുന്നുണ്ടോയെന്ന് നോക്കാതെ ആരോപണത്തിന്റെ നിജസ്ഥിതി മനസ്സിലാക്കുകയാണ് അന്വേഷണ ഉദ്യോഗസ്ഥ ചെയ്യേണ്ടിയിരുന്നത്. സൗഹൃദ കമ്മിറ്റി നടത്തിയ തെളിവെടുപ്പിനെക്കുറിച്ചോ കുറ്റപത്രത്തിലെ രണ്ടാമത്തെ ചാർജിനെക്കുറിച്ചോ വിശദമായ അന്വേഷണം അന്വേഷണ ഉദ്യോഗസ്ഥയുടെ ഭാഗത്ത് നിന്നുണ്ടായിട്ടില്ല. കുറ്റാരോപിതനായ അധ്യാപകന്റെ വിഷമതകളല്ല ആരോപിക്കപ്പെടുന്ന തരത്തിലുള്ള ഗൗരവമായ കുറ്റം നടന്നിട്ടുണ്ടോയെന്നാണ് പരിശോധിക്കേണ്ടിയിരുന്നത്. മേൽ സാഹചര്യത്തിൽ സൗഹൃദ കമ്മിറ്റി അംഗങ്ങൾ ടി അദ്ധ്യാപകനെയും വിദ്യാർത്ഥിനിയെയും വിളിച്ചു നടത്തിയ തെളിവെടുപ്പിൽ ടി അദ്ധ്യാപകന്റെ ഭാഗത്തുനിന്നുള്ള കുറ്റങ്ങൾ ബോദ്ധ്യപ്പെടുകയും വിദ്യാർത്ഥിനിയ്ക്കെതിരെ ആരോപണങ്ങൾ ഉന്നയിച്ച് സ്കൂൾ പ്രിൻസിപ്പലിന് ടിയാൻ കത്ത് നൽകിയിട്ടുമുള്ള സാഹചര്യത്തിൽ കുട്ടികൾക്ക് പാഠങ്ങൾ പഠിപ്പിച്ചു കൊടുക്കുകയും, അവർക്ക് മാതൃക ആകേണ്ടതുമായ അദ്ധ്യാപകൻ്റെ ഇത്തരം പ്രവൃത്തി ന്യായീകരിക്കാവുന്നതല്ലായെന്ന് കണ്ട് പൊതുവിദ്യാഭ്യാസ വകുപ്പിന് മാനഹാനി ഉണ്ടാക്കുന്ന വിധത്തിൽ ടിയാൻ പ്രവർത്തിച്ചിട്ടുള്ളതിനാലും പൊതുവിദ്യാഭ്യാസ ഡയറക്ടറേറ്റിലെ (ഹയർസെക്കൻഡറി വിദ്യാഭ്യാസം) അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റന്റിന്റെ അന്വേഷണ റിപ്പോർട്ടിൽ നിന്നും വ്യതിചലിച്ചുകൊണ്ട്, താൻ പഠിപ്പിക്കുന്ന സ്കൂളിലെ വിദ്യാർത്ഥിനിയോട് അപമര്യാദയായി പെരുമാറുകയും ടി വിദ്യാർത്ഥിനിയെ മാനസികമായി തളർത്തുന്ന രീതിയിൽ ആരോപണങ്ങൾ ഉന്നയിക്കുകയും ചെയ്ത ഹയർസെക്കൻഡറി സ്കൂൾ ടീച്ചർ(കമ്പ്യൂട്ടർ സയൻസ്) ശ്രീ.കെ.ജഗദീഷിനെതിരെ **1960**-ലെ കേരള സിവിൽ സർവ്വീസ് (തരംതിരിക്കലും നിയന്ത്രണവും അപ്പീലും) ചട്ടം **15** പ്രകാരം നിഷ്കർഷിച്ചിട്ടുള്ള തരത്തിൽ അച്ചടക്കനടപടികൾ തുടരുവാൻ സർക്കാർ തീരുമാനിക്കുകയും ആയതിന്റെ ഭാഗമായി **KCS (CCA) Rules 1960**, ചട്ടം **11(1)(vA)** പ്രകാരം ടിയാന്റെ മൂന്ന് വാർഷിക ഇൻക്രിമെന്റുകൾ സഞ്ചിതഫല

പ്രാബല്യത്തിൽ തടഞ്ഞ് വെയ്ക്കുന്നതിന് താൽക്കാലിക തീരുമാനം എടുത്തുകൊണ്ട് പരാമർശം(8) പ്രകാരം ടിയാന് കാരണം കാണിക്കൽ നോട്ടീസ് നല്കിയിരുന്നു. ആയതിന് ടിയാൻ പരാമർശം(9) പ്രകാരം മറുപടി സമർപ്പിച്ചിരുന്നു.

7) തുടർന്ന് അച്ചടക്ക നടപടി പൂർത്തീകരിക്കുന്നതിന്റെ ഭാഗമായി ടിയാനെ പൊതുവിദ്യാഭ്യാസ (ഡി.എ) വകുപ്പ് അണ്ടർസെക്രട്ടറി 29/04/2023-ന് നേരിൽ കേട്ടു. വിദ്യാഭ്യാസ അധികാരികളും ഹിയറിംഗിൽ ഹാജരായി.

<u>ശ്രീ.കെ.ജഗദീഷ്</u>

a. ഹിയറിംഗിൽ പങ്കെടുത്ത ശ്രീ.കെ.ജഗദീഷ് വിശദമായ **Argument Note** സമർപ്പിച്ചു. കോഴിക്കോട് മടപ്പള്ളി ഗവ. ഗേൾഡ് എച്ച്.എസ്.എസ് യിൽ ജോലി ചെയ്തിരുന്ന കാലഘട്ടത്തിൽ ഒരു വിദ്യാർത്ഥിനിയോട് അപമര്യാദയായി പെരുമാറി എന്നു കാണിച്ചു സൗഹൃദ കമ്മിറ്റി കോർഡിനേറ്റർ തനിക്കെതിരെ ഒരു പരാതി ഉന്നയിക്കുകയുണ്ടായി. എന്നാൽ ആരോപണം സംബന്ധിച്ച വിശദാംശങ്ങൾ ഒന്നും തനിക്കു ഇതുവരെ ലഭിച്ചിട്ടില്ല. പല ആവർത്തി ആവശ്യപ്പെട്ടതാണ്. പൊതുവിദ്യാഭ്യാസ ഡയറക്ടറേറ്റിലെ അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റന്റ് ശ്രീമതി. ഗീതരാമചന്ദ്രൻ നടത്തിയ അന്വേഷണ റിപ്പോർട്ട് മാത്രമാണു തനിക്കു ലഭിച്ചിട്ടുള്ളത്. അത് ലഭിച്ചത് 06/12/2022 നാണ്. പ്രസ്തുത റിപ്പോർട്ടിൽ തനിക്കെതിരെ പരാതികൾ ഒന്നും ഇല്ല എന്നു വ്യക്തമാക്കിയിട്ടുള്ളതാണ്.

b. വടകര മേപ്പയിൽ ഗവ.സംസ്കൃതം എച്ച്.എസ്.എസിലെ ഒരു വിദ്യാർത്ഥിനിയോടു അപമര്യാദയായി പെരുമാറി എന്ന കുറ്റത്തിനു 23/07/2020 ൽ കുറ്റപത്രം നല്കിയിരുന്നു. തുടർന്ന് സസ്പെൻഷനിലായിരുന്ന തന്നെ ജി.എച്ച്.എസ്.എസ് മാത്തിൽ പുനർനിയമനം നല്കുകയുണ്ടായി. ഓൺലൈൻ ക്ലാസ് കൈകാര്യം ചെയ്തില്ലെന്ന പേരിൽ ടി സ്കൂളിൽ തനിക്കെതിരെ ആരോപണം ഉയർന്നു. ഇതിൽ നിന്നും തനിക്കെതിരെ ഒരു ഗൂഡാലോചന നടന്നു എന്ന് വ്യക്തം.

c. വ്യക്തിപരമായ പരാതികളൊന്നും നിലവിലില്ലെന്ന് ഇരിക്കെ ബഹു.കേരളാ അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിൽ ഒ.എ (ഇ.കെ.എം) 1697/2019 നിലനിൽക്കെ തന്റെ മൂന്ന് ഇൻക്രിമെന്റുകൾ സഞ്ചിത ഫലപ്രാബല്യത്തിൽ തടഞ്ഞുവെയ്ക്കാൻ അന്വേഷണ ഉദ്യോഗസ്ഥന്റെ റിപ്പോർട്ടിനെ തള്ളിക്കൊണ്ടു കേരള സർക്കാർ ഇപ്പോൾ തീരുമാനിച്ചിരിക്കുന്നു.

d. 10/02/2019 ലാണ് ആരോപണവിധേയമായ സംഭവം നടന്നത്. അന്ന് ഞായറാഴ്ച ദിവസം സ്കൂൾ കമ്പ്യൂട്ടർ ലാബ് പ്രവർത്തിച്ച് കൊണ്ടിരിക്കെ 1 kg ഓളം ഭാരം വരുന്ന ഒരു കഷണം തട്ടിൽ നിന്നും അടർന്നു കുട്ടികൾക്കിടയിലേക്കു വീണു. ഈ സംഭവം സ്കൂൾ പ്രിൻസിപ്പലിനെ അറിയിച്ചു. ഈ വിഷയം പരാതിപ്പെട്ടാൽ വിദ്യാർത്ഥിനിയോട് അപമര്യാദയായി പെരുമാറിയെന്ന് താനും പരാതിപ്പെടുമെന്ന് പ്രിൻസിപ്പൽ അറിയിച്ചു. സ്കൂൾ സൗഹൃദ കോർഡിനേറ്റർ ഇടപ്പെട്ടാണ് വിദ്യാർത്ഥിനിയെ കൊണ്ട് ഈ പരാതി സമർപ്പിച്ചത്. പരാതികൾ യഥാസമയം അധികാരികളിൽ എത്തിയിരുന്നില്ല. 10/02/2019 പരാതിക്കാരിയായി കുട്ടി Whatsapp വഴി സന്ദേശം അയച്ചു അനുമതി തേടിയതിനുശേഷമാണു ക്ലാസിനെത്തിയത്. കുട്ടി Message അയച്ച Phone ലെ profile picture 3 ക്രിമനൽ ഛായ ഉള്ളവരായിരുന്നു. അക്കാര്യങ്ങളെല്ലാം തെളിവുസഹിതം താൻ ഹാജരാക്കിയിരുന്നു.

e. യഥാസമയം വേണ്ട രീതിയിൽ അന്വേഷണം നടന്നിട്ടില്ലാത്ത, പോലീസ് എഫ്.ഐ.ആർ രജിസ്റ്റർ ചെയ്തിട്ടില്ലാത്ത ഈ വിഷയത്തിൽ തനിക്കു സാമാന്യ നീതി നിരസിക്കപ്പെടുകയാണ്. ഇക്കാര്യങ്ങൾ പരിഗണിച്ചു സർക്കാർ തനിക്കെതിരെ ആരംഭിച്ചിട്ടുള്ള നടപടികൾ അവസാനിപ്പിക്കണം. 2019 മുതൽ തടഞ്ഞു വച്ചിട്ടുള്ള തന്റെ ആനുകൂല്യങ്ങൾ നല്കണം.

8) ഹിയറിംഗിൽ പങ്കെടുത്ത പൊതു വിദ്യാഭ്യാസ ഡയറക്ടറുടെ പ്രതിനിധി ഈ വിഷയത്തിൽ അഭിപ്രായമൊന്നും രേഖപ്പെടുത്തിയില്ല.

ശ്രീ.ജഗദീഷ് കെ-യ്ക്കെതിരേയുള്ള അച്ചടക്ക നടപടി സംബന്ധിച്ച വിശദാംങ്ങൾ ഹാജരാക്കി.

9) സർക്കാർ ഈ വിഷയം തത്സംബന്ധമായ പരാതികൾ, അന്വേഷണ ഉദ്യോഗസ്ഥന്റെ റിപ്പോർട്ട്, കുറ്റാരോപിതന്റെ വാദഗതി, പൊതു വിദ്യാഭ്യാസ ഡയറക്ടറുടെ അഭിപ്രായം, അച്ചടക്ക നടപടി സംബന്ധിച്ചു നിലവിലുള്ള ചട്ടങ്ങൾ എന്നിവയുടെ അടിസ്ഥാനത്തിൽ വിശദമായി പരിശോധിച്ചു.

10) കോഴിക്കോട് മടപ്പള്ളി ഗവ. ഗേൾഡ് ഹയർ സെക്കന്ററി സ്കൂളിലെകമ്പ്യൂട്ടർ സയൻസ് അധ്യാപകനായിരുന്ന ശ്രീ. ജഗദീഷ് 10/02/2019 ന് പ്രാക്ടിക്കൽ മോഡൽ പരീക്ഷ കഴിഞ്ഞു സംശയ നിവാരണം നടത്തുന്ന അവസരത്തിൽ ടി സ്കൂളിലെ ഒരു വിദ്യാർത്ഥിനിയോട് അപമര്യാദയായി പെരുമാറി എന്ന് സ്കൂളിലെ സൗഹൃദ കൺവീനറായ ടീച്ചറോട് കുട്ടി പരാതിപ്പെടുകയുണ്ടായി. കുട്ടി പരാതി ബോധിപ്പിക്കുകയും പ്രിൻസിപ്പലിന് പരാതി എഴുതി നല്കുകയും ചെയ്തു. ഇക്കാര്യത്തിൽ ബന്ധപ്പെട്ട അധ്യാപകനേയും വിദ്യാർത്ഥിയേയും വിളിച്ചു തെളിവെടുപ്പു നടത്തിയെന്നും കുട്ടിയുടെ പരാതി സത്യമാണെന്ന് ബോധ്യപ്പെട്ടതായും പ്രിൻസിപ്പൽ പൊതുവിദ്യാഭ്യാസ ഡയറക്ടർക്കു റിപ്പോർട്ട് നല്കുകയും ചെയ്തു.

11) ടി വിദ്യാർത്ഥിനിയുടെ പിതാവ് പ്രിൻസിപ്പലിന് നല്കിയ കത്തിൽ , കമ്പ്യൂട്ടർ സയൻസ് അധ്യാപകനായ ശ്രീ. ജഗദീഷ് അപമര്യാദയായി പെരുമാറിയെന്നും പരീക്ഷാ സമയമായതിനാൽ കുട്ടിയുടെ മാനസികനിലയെ ബാധിക്കുമെന്നുള്ളതിനാൽ പരാതി പോലീസിലേക്കു ഇപ്പോൾ കൈമാററുതെന്നും 11/02/2019 ൽ അവശ്യപ്പെടുകയുണ്ടായി. പരീക്ഷ കഴിഞ്ഞതിനു ശേഷം പരാതി സ്കൂൾ പ്രിൻസിപ്പൽ കോഴിക്കോട് മേഖലാ ഉപമേധാവിക്കു കൈമാറുകയും അത് ചോമ്പാല പോലീസ് സ്റ്റേഷൻ, ചൈൽഡ് ലൈൻ എന്നിവർക്കു തുടർനടപടിക്കായി കൈമാറുകയും ചെയ്തു.

12) സ്കൂൾ സൗഹൃദ കമ്മിറ്റി നടത്തിയ അന്വേഷണത്തിൽ പരാതിയിൽ കഴമ്പുണ്ടെന്നു കണ്ടെത്തിയിരുന്നു. സർക്കാർ 13/11/2019ൽ ശ്രീ.കെ ജഗദീഷിനെ സർവ്വീസിൽ നിന്നും സസ്പെൻഡ് ചെയ്തു. തുടർന്ന് 1960 ലെ

കേരളാ സിവിൽ സർവ്വീസസ് (തരം തിരിവും നിയന്ത്രണവും അപ്പീലും) ചട്ടങ്ങളിലെ ചട്ടം 15 പ്രകാരം ടിയാനെതിരെ അച്ചടക്ക നടപടി ആരംഭിക്കുകയും കുറ്റപത്രവും കുറ്റാരോപണ പത്രികയും നല്കുകയും ചെയ്തു. ആയതിനു സമർപ്പിച്ച പ്രതിവാദ പത്രികയിൽ സർവ്വീസിൽ പുനഃപ്രവേശിപ്പിക്കണമെന്ന് അഭ്യർത്ഥിച്ചതിനെ തുടർന്ന് അച്ചടക്ക നടപടികൾക്കു വിഘാതം വരാതെ 17/03/2021ന് ടിയാനെ സർവ്വീസിൽ പുനഃപ്രവേശിപ്പിച്ചു സർക്കാർ ഉത്തരവായി.

13) കുറ്റപത്രത്തിനു സമർപ്പിച്ച പ്രതിവാദ പത്രികയിലെ വിശദീകരണം തൃപ്തികരമല്ലാത്തതിനാൽ ചട്ടം 15 പ്രകാരമുള്ള അച്ചടക്ക നടപടിയുടെ ഭാഗമായി ഔപചാരിക അന്വേഷണം നടത്താൻ തീരുമാനിക്കുകയും അന്വേഷണം നടത്തുന്നതിന് പൊതു വിദ്യാഭ്യാസ ഡയറക്ടറേറ്റിലെ (ഹയർ സെക്കന്ററി വിഭാഗം) അഡ്മിനിസ്ട്രറ്റീവ് അസിസ്റ്റന്റിനെ ചുമതലപ്പെടുത്തുകയും ചെയ്തു. ഔപചാരിക അന്വേഷണ റിപ്പോർട്ടിൽ ആരോപണം ഉന്നയിച്ച് പരാതി സമർപ്പിച്ചിട്ടുള്ള വിദ്യാർത്ഥിനി അന്വേഷണവുമായി സഹകരിക്കാത്തതിനാൽ കുടുതൽ വിവരങ്ങൾ ലഭ്യമായിട്ടില്ല എന്നും ആരോപണം ഉന്നയിച്ച വിദ്യാർത്ഥിനി നിലവിൽ പരാതിയില്ല എന്നറിയിച്ചിട്ടുള്ളതിനാലും ഇതുമായി ബന്ധപ്പെട്ട കൂടുതൽ തെളിവുകളോ മൊഴിയോ ടിയാരി രേഖപ്പെടുത്താത്തതിനാലും 2009 മുതൽ മടപ്പള്ളി ജി.ജി.എച്ച്.എസ്.എസ് ൽ ജോലി നോക്കുന്ന ടി അധ്യാപകന്റെ ഭാഗത്തുനിന്ന് സമാനമായ ഒരു സംഭവങ്ങളും കുട്ടികൾക്കോ അദ്ധ്യാപകർക്കോ അതുവരെ ഉണ്ടായിട്ടില്ല എന്ന പ്രിൻസിപ്പളിന്റെയും സൗഹൃദ അംഗങ്ങളുടെയും മൊഴിയുടെ അടിസ്ഥാനത്തിലും 2 വർഷത്തിലെറെ നീണ്ടുപോയ പ്രസ്തുത അച്ചടക്കനടപടിമൂലം ടിയാന് കുടുംബത്തിലും സമൂഹത്തിലും നേരിടേണ്ടിവന്ന പ്രശ്നങ്ങൾ കണക്കിലെടുത്തും ശ്രീ. ജഗദീഷിനെതിരെ തുടർന്നുവരുന്ന അച്ചടക്ക നടപടി അവസാനിപ്പിച്ച് ഉത്തരവാകാവുന്നതാണെന്നും ശുപാർശ ചെയ്തിരുന്നു.

14) ഔപചാരിക അന്വേഷണ റിപ്പോർട്ടിൽ ശ്രീ. ജഗദീഷിന് എതിരെ

ഉന്നയിച്ചിട്ടുള്ള കുറ്റങ്ങൾ നടന്നിട്ടുള്ളതാണോ അല്ലയോ എന്നും ടിയാൻ കുറ്റക്കാരനാണോ എന്നു കണ്ടെത്താൻ കഴിഞ്ഞിട്ടില്ല. ആരോപണം ഉന്നയിച്ച വിദ്യാർത്ഥിനി നിലവിൽ പരാതിയില്ലെന്ന് അറിയിച്ചിട്ടുള്ളതായാണ് അന്വേഷണ ഉദ്യോഗസ്ഥ റിപ്പോർട്ട് ചെയ്തിട്ടുള്ളത്. കമ്പ്യൂട്ടർ ലാബിൽ വച്ചു അധ്യാപകൻ വിദ്യാർത്ഥിനിയോടു അപമര്യാദയായി പെരുമാറി എന്നത് ബോധ്യപ്പെട്ടിട്ടുള്ളതാണ്. എന്നാൽ ശ്രീ.ജഗദീഷിനെ കുറ്റവിമുക്തനാക്കുന്നതിനുള്ള ശുപാർശയിൽ അന്വഷണ ഉദ്യോഗസ്ഥയുടെ ഇതിനാധാരമായ കണ്ടെത്തലുകൾ ദുർബലമാണ്. പരാതിക്കാരി സാമൂഹികമായ ഒറ്റപ്പെടലിൽ നിന്നു രക്ഷപ്പെടാൻ വേണ്ടിയാണ് പരാതിയില്ലെന്ന് പറയേണ്ട അവസ്ഥയിലേക്കു എത്തുന്നു എന്നതാണ് യാഥാർത്ഥ്യം. ഇതിന് അർത്ഥം കുറ്റക്കാരനായ ആൾ കുറ്റവിമുക്തമാകുന്നു എന്നല്ല.

15) 10/02/2019 ഞായറാഴ്ച ദിവസമാണ്. വിദ്യാർത്ഥിനി വാട്ട്സ്ആപ്പ് വഴി അധ്യാപകനോടു സംശയദൂരീകരണത്തിന് എത്തട്ടേ എന്ന് ചോദിച്ചതിനു ശേഷമാണ് വന്നത്. അധ്യാപകനായ ശ്രീ.ജഗദീഷ് 'K ' എന്ന് പ്രതികരിച്ചതായി ഹിയറിംഗ് വേളയിൽ അറിയിച്ചിട്ടുണ്ട്. കുട്ടിയുടെ Message വന്ന Profile ഉം മറ്റും സംശയകരമായിരുന്നു എന്നും അധ്യാപകന് മനസിലായിട്ടും സംശയദൂരീകരണത്തിനു വരാൻ അവസരം നല്കിയത് തെറ്റായിരുന്നു. ഒരു അധ്യാപകന്റെ പ്രാഥമിക കടമ എന്ന നിലയിൽ ഈ വിവരം പ്രിൻസിപ്പളിനേയോ കുട്ടിയുടെ രക്ഷകർത്താവിനേയോ അറിയിക്കേണ്ടതായിരുന്നു.

16) കുട്ടികൾക്കു മാത്രമല്ല സമൂഹത്തിനാകെയും മാതൃകയാകേണ്ടവരാണ് അധ്യാപകർ. അധ്യാപകരുടെ ഇത്തരം പ്രവർത്തികൾ വിദ്യാഭ്യാസ വകുപ്പിനെ മാത്രമല്ല പൊതു സമൂഹത്തിനേയും കളങ്കപ്പെടുത്തുന്നു. അത്തരം തെറ്റായ പ്രവണതകളിലേക്കു നയിക്കപ്പെടുന്ന സാഹചര്യങ്ങൾ പോലും ഒഴിവാക്കേണ്ടതാണ്.

17) മേൽപറഞ്ഞ വസ്തുതയുടെ അടിസ്ഥാനത്തിൽ വിദ്യാർത്ഥിനി അധ്യാപകനായ ശ്രീ.ജഗദീഷിനെതിരെ ഉന്നയിച്ച ആരോപണങ്ങൾ തള്ളിക്കളയാനാവില്ല. പരാതി പിൻവലിച്ചു എന്നത് ഒരു പെൺകുട്ടി തന്റെ

സ്വകാര്യ ജീവിതത്തിലെ അനാവശ്യ ഇടപെടലുകൾ അവസാനിപ്പിക്കുക എന്ന ഉദ്ദേശത്തോടെയാണന്ന് കാണാം. ഇക്കാരണത്താൽ കുറ്റകൃത്യം ഇല്ലാതാകുകയോ കുറ്റം ചെയ്തയാൾ കുറ്റവിമുക്തനാകുകയോ ചെയ്യുന്നില്ല.

18) മേൽ സാഹചര്യത്തിൽ, കുട്ടികൾക്കു പാഠങ്ങൾ പഠിപ്പിച്ചു കൊടുക്കുകയും അവർക്കു മാതൃകയായി പ്രവർത്തിക്കുകയും ചെയ്യേണ്ട ഒരധ്യാപകന്റെ ഇത്തരം പ്രവർത്തികൾ പൊതുസമൂഹത്തിനാകെ മാനഹാനി ഉണ്ടാക്കിയിരിക്കുന്നു എന്നു വിലയിരുത്തുന്നു.

19) എന്നാൽ 2019 ന് ശേഷം ഈ സംഭവുമായി ബന്ധപ്പെട്ട് ശ്രീ. കെ ജഗദീഷ് 13/11/2019 മുതൽ 17/03/2021 വരെ സസ്പെൻഷനിൽ ആയിരുന്നു. ഇതുമായി ബന്ധപ്പെട്ടു ഒട്ടനവധി മാനസിക പ്രശ്നങ്ങൾ നേരിടേണ്ടി വന്നിരുന്നു എന്ന് അറിയിച്ചിട്ടുണ്ട്. ടിയാനെതിരെ 1960 ലെ കെ.സി.എസ് (സിസിഎ) റൂൾ 15 പ്രകാരം ആരംഭിച്ച അച്ചടക്ക നടപടി ടിയാന്റെ 3 വാർഷിക ഇൻക്രിമെന്റുകൾ സഞ്ചിതഫല പ്രാബല്യത്തിൽ തടഞ്ഞു കൊണ്ട് തീർപ്പാക്കാൻ താത്ക്കാലിക തീരുമാനം എടുത്തിരുന്നു.

20) മേല്പറഞ്ഞ വസ്തുതകൾ പരിഗണിച്ചു കോഴിക്കോട്, വടകര മേപ്പയിൽ ഗവ. സംസ്കൃത എച്ച്.എസ്.എസിലെ കമ്പ്യൂട്ടർ സയൻസ് അധ്യാപകനായ ശ്രീ. ജഗദീഷ്.കെ-യ്ക്കെതിരെ ടിയാൻ കോഴിക്കോട് ജില്ലയിലെ മടപ്പള്ളി ഗവ.എച്ച്.എസ്സ്.എസിലെ അധ്യാപകനായിരിക്കേ ഒരു വിദ്യാർത്ഥിനിയോട് അപമര്യാദയായി പെരുമാറി എന്ന വിഷയത്തിൽ 1960 ലെ കെ.സി.എസ് (സിസി&എ) റൂൾ 15 പ്രകാരം ആരംഭിച്ച അച്ചടക്ക നടപടി ടിയാന്റെ മൂന്ന് വാർഷിക ഇൻക്രിമെന്റുകൾ ചട്ടം 11 (1)(vA) പ്രകാരം സഞ്ചിതഫല പ്രാബല്യത്തിൽ തടയാനെടുത്ത തീരുമാനത്തിൽ ഇളവ് വരുത്തി ടിയാന്റെ രണ്ട് വാർഷിക ഇൻക്രിമെന്റുകൾ സഞ്ചിതഫല പ്രാബല്യത്തിൽ തടയുന്നതിനുള്ള താത്ക്കാലിക തീരുമാനമെടുത്തു ആയത് സ്ഥിരപ്പെടുത്തുന്നതിന് മുന്നോടിയായി ബഹു. കേരള പബ്ലിക് സർവീസസ് കമ്മീഷന്റെ ഉപദേശം പരാമർശം(10) പ്രകാരം തേടുകയുണ്ടായി.

21) ഈ കേസ് ബന്ധപ്പെട്ട രേഖകളുടെ അടിസ്ഥാനത്തിൽ വിശദമായി പരിശോധിച്ച ബഹു. കേരള പബ്ലിക് സർവീസസ് കമ്മീഷൻ ,കുറ്റാരോപിതന് നൽകിയ കാരണം കാണിക്കൽ നോട്ടീസിൽ

അച്ചടക്കനടപടിക്കാസ്പദമായ ചട്ടം **KCS (CCA) Rules 1960**, ചട്ടം **11** എന്നാണ് രേഖപ്പെടുത്തിയിരിക്കുന്നത് എന്ന നിരീക്ഷണം നടത്തുകയും **KCS (CCA) Rules 1960**, ചട്ടം **11(1)(vA)** പ്രകാരം ശ്രീ ജഗദീഷ്.കെ-യുടെ രണ്ട് വാർഷിക വേതന വർദ്ധനവുകൾ സഞ്ചിതഫലത്തോടെ തടയുകയെന്ന സർക്കാരിന്റെ താത്ക്കാലിക തീരുമാനത്തോട് യോജിക്കുന്നതായും അപ്രകാരം സർക്കാരിനെ ഉപദേശിക്കുന്നതായും പരാമർശം(11) പ്രകാരം സർക്കാരിനെ അറിയിച്ചിട്ടുണ്ട്.

22) മേൽ സാഹചര്യത്തിൽ കോഴിക്കോട് ജില്ലയിലെ മടപ്പള്ളി ഗവൺമെന്റ് ഗേൾസ് ഹയർ സെക്കന്ററി സ്കൂളിലെ മുൻ എച്ച്.എസ്.എസ്.ടി (കമ്പ്യൂട്ടർ സയൻസ് )ശ്രീ. ജഗദീഷ് കെ -യ്ക്കെതിരെ കെ.സി.എസ്(സി.സി&എ) ചട്ടം 15 പ്രകാരം ആരംഭിച്ച അച്ചടക്കനടപടി 1960-ലെ കെ.സി.എസ് (സിസി&എ) ചട്ടം 11 (1)(vA) പ്രകാരം ടിയാന്റെ രണ്ട് വാർഷിക ഇൻക്രിമെന്റുകൾ സഞ്ചിതഫല പ്രാബല്യത്തിൽ തടഞ്ഞു കൊണ്ട് പൂർത്തീകരിച്ച് ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**BINDU R R**

ഡെപ്യൂട്ടി സെക്രട്ടറി

1.പൊതുവിദ്യാഭ്യാസ ഡയറക്ടർ (ഹയർ സെക്കൻഡറി വിദ്യാഭ്യാസം), തിരുവനന്തപുരം

2.ശ്രീ ജഗദീഷ് കെ, എച്ച്.എസ്.എസ്.ടി(കമ്പ്യൂട്ടർ സയൻസ്) (പൊതു വിദ്യാഭ്യാസ ഡയറക്ടർ മുഖേന)

3.സെക്രട്ടറി, കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ (നമ്പർ.A1-2/12/2024-KPSC) (ആമുഖകത്ത് സഹിതം)

4. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ , കേരള, തിരുവനന്തപുരം

5. അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ് /എ&ഇ), കേരള, തിരുവനന്തപുരം

6. വെബ്(ന്യൂ മീഡിയ/കൈറ്റ്സ്)

7.സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signed by
Dhanya M B
Date: 28-06-2025 17:03:13

സെക്ഷൻ ഓഫീസർ

പകർപ്പ്:-ബഹു പൊതു വിദ്യാഭ്യാസ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്

പൊതു വിദ്യാഭ്യാസ വകുപ്പ് സെക്രട്ടറിയുടെ പി.എ-യ്ക്ക്